# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3316** — **22/08/2017-ന് മറുപടിക്ക്**

**പത്തനംതിട്ട , പാലക്കാട് ജില്ലകളിലെ എൽ.ഡി.സി. പരീക്ഷ**

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

**ഉത്തരം**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 05.08.2017 ന് പത്തനംതിട്ട , പാലക്കാട് ജില്ലകളിലേയ്ക്കായി പി.എസ്.സി. നടത്തിയ എൽ.ഡി.സി. പരീക്ഷയുടെ ചോദ്യങ്ങളനവധിയും പി.എസ്.സി. ലഭ്യമാക്കിയിരുന്ന സിലബസിന് പുറത്തു നിന്നുമാണ് ചോദിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി), (സി), (ഡി), (ഇ) & (എഫ്) | കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് ഉദ്യോഗാർത്ഥി കൾക്ക് പരാതി ഉന്നയിക്കുവാനുള്ള സംവിധാനം പി.എസ്.സി ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ഒരു വിദഗ്ധ സമിതി പരിശോധിച്ചശേഷം കമ്മീഷൻ ഉചിതമായ തീരുമാനം കൈക്കൊള്ളാറുണ്ട്.ഏതാനും ചില പരാതികൾ ഉയർന്നു എന്ന കാരണത്താൽ പരീക്ഷ റദ്ദുചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല. |
| (ബി) | നിശ്ചിത സിലബസ് മാസങ്ങൾക്ക് മുൻപേ ലഭ്യമാക്കിയ ശേഷം ആയത് അവഗണിച്ച് സിലബസിന് പുറത്തു നിന്നും പൊതുവിജ്ഞാന വിഭാഗത്തിലുള്ള പകുതിയിലേറെ ചോദ്യങ്ങൾ നൽകിയതടക്കമുള്ള വിഷയങ്ങളിൽ അടിയന്തര അന്വേഷണം നടത്തുമോ; | | |
| (സി) | ഈ പരീക്ഷയ്ക്ക് സ്വകാര്യ പ്രസാധകരുടെ ഗൈഡിൽ നിന്നും ചോദ്യങ്ങൾ പകർത്തി നൽകിയതായുള്ള വിവരം | | |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ആയതിന്മേൽ ഉചിതമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകുമോ; | | |
| (ഇ) | സിലബസിന് പുറത്തുള്ള ചോദ്യാവലി ഒഴിവാക്കി വാല്യുവേഷൻ ക്രമപ്പെടുത്തിയാൽ ചില പ്രത്യേക വിഷയങ്ങളിൽ മാത്രം പ്രാവീണ്യമുള്ളവർക്ക് റാങ്ക് ലിസ്റ്റിൽ കയറുന്നതിനുള്ള സാഹചര്യം പി.എസ്.സി. യുടെ പൊതു യോഗ്യതാ മാനദണ്ഡത്തിന് അനുസരണമല്ല എന്നത് ബോധ്യപ്പെടുമോ; | | |
| (എഫ്) | പി.എസ്.സി. നൽകിയിരുന്ന സിലബസിനെക്കുറിച്ചുള്ള അടിസ്ഥാന അറിവുപോലുമില്ലാത്ത നിലയിൽ തികച്ചും നിരുത്തരവാദിത്തപരമായി ചോദ്യങ്ങൾ ലഭ്യമാക്കിയ ഈ പരീക്ഷകൾ റദ്ദ് ചെയ്ത് വീണ്ടും ഈ ജില്ലകളിൽ പരീക്ഷകൾ നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ; | | |
| (ജി) | പരീക്ഷാ നടത്തിപ്പിൽ വരുത്തിയിട്ടുള്ള ഗുരുതരമായ ഈ വീഴ്ചകളിന്മേൽ ചോദ്യകർത്താ | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| . | ക്കളോട് നിലവിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ